# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1131 03.12.2015-ലെ മറുപടിക്ക്

### <u>ഹയർസെക്കണ്ടറി അദ്ധ്യാപകർ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.പി.സി.വിഷ്ണുനാഥ് | | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | ഹയർ സെക്കണ്ടറി കോമേഴ്സ് അദ്ധ്യാപകരുടെ (ജൂനിയർ - സീനിയർ) സ്ഥിരം ഒഴിവുകൾ 31.10.2015 വരെ നിലവിലുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഹയർ സെക്കണ്ടറി കൊമേഴ്സ് ജൂനിയർ അദ്ധ്യാപകരുടെ 110 ഒഴിവുകളും സീനിയർ അദ്ധ്യാപകരുടെ 15 ഒഴിവുകളും നിലവിലുണ്ട്. |
| (ബി) | എൻ.ജെ.ഡി .ഉൾപ്പെടെ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; റിപ്പോർട്ട് ചെയ്യാനുള്ള ഒഴിവുകൾ എത്ര; | (ബി) | ഹയർ സെക്കണ്ടറി കൊമേഴ്സ് ജൂനിയർ അദ്ധ്യാപകരുടെ 358 ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തതിൽ 67 പേർ ജോലിയിൽ പ്രവേശിച്ചിട്ടില്ലാത്തതിനാൽ 61 ഒഴിവുകൾ എൻ ജെ ഡി ആയി കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന 6 എൻ ജെ ഡി ഒഴിവുകൾ ഉൾപ്പെടെ 16 ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഹയർ സെക്കണ്ടറി കൊമേഴ്സ് സീനിയർ അദ്ധ്യാപകരുടെ 32 ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തതിൽ 4 പേർ ജോലിയിൽ പ്രവേശിച്ചിട്ടില്ലാത്തതിനാൽ ടി ഒഴിവുകൾ എൻ ജെ ഡി ആയി കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | നിലവിലുള്ള എല്ലാ ഒഴിവുകളും പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (സി) | ഹയർ സെക്കന്ററി സ്പെഷ്യൽ റൂളിനു വിധേയമായി കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യേണ്ട മുഴുവൻ ഒഴിവുകളും റിപ്പോർട്ട് ചെയ്യുന്നതിന് ഹയർ സെക്കന്ററി ഡയറക്ടർ നടപടി സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത ഒഴിവുകളിലേയ്ക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിൽ നിന്ന് എത്ര പേർക്ക് നിയമനം നടത്തിയെന്ന് വ്യക്തമാക്കുമോ; | (ഡി) | ഉണ്ട്. സീനിയർ തസ്തികയിലേക്ക് 36 പേർക്കും ജൂനിയർ തസ്തികയിലേക്ക് 398 പേർക്കും നിയമന ശുപാർശ നൽകിയിട്ടുണ്ട്. |
| (ഇ) | റാങ്ക് ലിസ്റ്റിലുള്ള മുഴുവൻ പേർക്കും നിയമനം നൽകാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട്? | (ഇ) | ഒഴിവ് ഉണ്ടാകുന്ന മുറയ്ക്ക് നിയമനം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ